പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1485     13.07.2016 - ൽ മറുപടിയ്ക്ക്

## വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ

ചോദ്യം

ശ്രീ.എം.എം.മണി

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

**ചോദ്യം (എ)** സംസ്ഥാനത്ത് ഇപ്പോൾ നൽകി വരുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതെല്ലാമാണ്; ഓരോ ഇനത്തിലും എത്ര രൂപ വീതം പ്രതിമാസ പെൻഷനായി നൽകുന്നു; ഇവ എപ്രകാരമാണ് വിതരണം നടത്തുന്നത് എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ;

**ഉത്തരം (എ)** സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകി വരുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകളും അവയുടെ നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ | നിരക്ക് | |
|---|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിനു താഴെ | 600/- |
| | | 75 വയസ്സും അതിന് മുകളിലും | 1500/- |
| 2. | വികലാംഗ പെൻഷൻ | 80% നു താഴെ അംഗവൈകല്യം | 800/- |
| | | 80% നു മുകളിൽ അംഗവൈകല്യം | 1100/- |
| 3. | വിധവാ പെൻഷൻ | | 800/- |
| 4. | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800/- |

ഗുണഭോക്താവിന്റെ ഹിതാനുസരണം മേൽപ്പറഞ്ഞ പെൻഷനുകൾ ഡിബിടി സംവിധാനത്തിലൂടെ ബാങ്ക് അക്കൗണ്ടുകൾ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ എന്നിവ മുഖേനയും കിടപ്പ് രോഗികൾ, ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യാൻ കഴിയാത്തവർ തുടങ്ങിയവർക്ക് അവരുടെ താല്പര്യ പ്രകാരം ഇലക്ട്രോണിക് മണി ഓർഡർ മുഖേനയും വിതരണം ചെയ്യുന്നു. ഓരോ മാസത്തെയും പെൻഷൻ വിതരണത്തിനാവശ്യമായ തുക ഡിബിടി നോഡൽ ഓഫീസറായ പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുന്നതനുസരിച്ച് വിവിധ അക്കൗണ്ട് ഹെഡുകളിൽ ധനകാര്യ വകുപ്പ് അനുവദിക്കുകയും പ്രസ്തുത തുക പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റി

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്യുന്നു. പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത തുക ഓരോ പെൻഷൻ ഗുണഭോക്താവിനും ബാങ്ക് അക്കൗണ്ട്, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ഇലക്ട്രോണിക് മണി ഓർഡർ എന്നീ മാർഗ്ഗങ്ങളിലൂടെ സോഫ്റ്റ് വെയർ സഹായത്തോടെ അതത് മാസം തന്നെ വിതരണം നടത്തുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെൻഷൻ വിതരണം അവതാളത്തിലായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിച്ച് ഗുണഭോക്താക്കൾക്ക് യഥാസമയം പെൻഷൻ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ഉണ്ട്. ഗുണഭോക്താക്കൾക്ക് പെൻഷൻ വീട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Manchana

**സെക്ഷൻ ഓഫീസർ**